
# പക്ഷിപ്പനി/ഏവിയൻ  ഇൻഫ്ലുവെൻസ





**പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?**

- ശക്തിയായ പനിയോടുകൂടിയായിരിക്കും രോഗാരംഭം
- കഠിനമായ തലവേദന
- പേശി വേദന
- കണ്ണിലെ ശ്ളേഷ്മചർമ്മം ചുവന്നുതടിക്കൽ
- ചിലപ്പോൾ മൂക്കിലൂടെ രക്തസ്രാവവും കണ്ടേന്നുവരാം
- ശരിയായ ചികിത്സ രോഗാരംഭത്തിൽ ലഭ്യമാക്കിയില്ലെങ്കിൽ രോഗം മരണഹേതുവാകാം

**പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?**

- പക്ഷിപ്പനി ബാധിച്ച ജീവികളുടെ ശവശരീരമോ, മുട്ട തുടങ്ങിയ വസ്തുക്കളോ കൈകാര്യം ചെയ്യുമ്പോൾ ഈ രോഗം വരാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർ, ഫാം തൊഴിലാളികൾ , ആരോഗ്യപ്രവർത്തകർ എന്നിവർ  ശ്രദ്ധാലുക്കളാവുക.
- പക്ഷിയിറച്ചി, മുട്ട എന്നിവ കൈകാര്യം ചെയ്തുകഴിഞ്ഞാൽ കൈകൾ വൃത്തിയായി സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക.
- ഇറച്ചി വെട്ടി കഴുകുകയോ മറ്റൊ ചെയ്യുമ്പോൾ മറ്റു ഭക്ഷണങ്ങളിൽ  നിന്നും മാറ്റി വൃത്തിയുള്ള പലക, കത്തി എന്നിവയുപയോഗിച്ച് ചെയ്യുക.
- മുട്ടയുടെ പുറം നന്നായി കഴുകുക.
- പച്ചമുട്ട പാചകവിഭവങ്ങളിൽ  ചേർക്കുന്നത്  ഒഴിവാക്കുക.
- മുട്ട പുഴുങ്ങിയോ പൊരിച്ചോ മാത്രം ഉപയോഗിക്കുക. പാതി വേവിച്ചതോ ബുൾസ്ഐ ആക്കിയതോ ഉപയോഗിക്കുന്നതൊഴിവാക്കുക.
- നന്നായി വേവിച്ചുമാത്രം കോഴിയിറച്ചി ഭക്ഷിക്കുക.
- ദേശാടനപ്പക്ഷികൾ ധാരാളമായി വരുന്ന സ്ഥലങ്ങളിലെ വളർത്തുപക്ഷികൾക്കുംമറ്റും എന്തെങ്കിലും പ്രശ്നങ്ങൾ കണ്ടാൽ പക്ഷിപ്പനിയുടെ അപായ സൂചനയായി കണക്കാക്കണം. അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കണം.

